# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വയലാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി2/1346/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വയലാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വയലാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി2/1346/2025 തീയ്യതി: 20/12/2025

# ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2025 | 13-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2025 | 13-11-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ
ശ്രീ.ബിനുമോൻ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഓമന | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ക്ളീറ്റസ്. ഇ | സെക്രട്ടറി | 01-04-2024 | 01-04-2024 |
| ശ്രീമതി. സരിത .എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-04-2024 | 28-04-2024 |
| ശ്രീ.ക്ളീറ്റസ്. ഇ | സെക്രട്ടറി | 29-04-2024 | 26-06-2024 |
| ശ്രീമതി. സരിത .എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2024 | 06-10-2024 |
| ശ്രീ.ക്ളീറ്റസ്. ഇ | സെക്രട്ടറി | 07-10-2024 | 23-02-2025 |
| ശ്രീമതി. സരിത .എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-02-2025 | 05-03-2025 |
| ശ്രീ.ക്ളീറ്റസ്. ഇ | സെക്രട്ടറി | 06-03-2025 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സരിത.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.ആശ.എം.ജെ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി.മോനിഷ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.അഖില ബി ജയകുമാർ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2024 | 14-02-2025 |
| ഡോ.ആൻ ക്രിസ്റ്റി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 15-02-2025 | 31-03-2025 |
| ശ്രീ.അഖിൽരാജ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ബാലരാജ്.എസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ.സുനീഷ് കെ ജെ | വി.ഇ.ഒ.ഒളതല സർക്കിൾ | 01-04-2024 | 04-09-2024 |
| ശ്രീമതി.സവിത.സി.എം | വി.ഇ.ഒ.ഒളതല സർക്കിൾ | 05-09-2024 | 31-03-2025 |
| ഡോ.ഹേമ ട്രീസ മാത്യു | വെറ്ററിനറി സർജ്ജൻ | 01-04-2024 | 23-07-2024 |
| വേക്കന്റ് | വെറ്ററിനറി സർജ്ജൻ | 24-07-2024 | 31-07-2024 |
| ഡോ.അനുരാജ് | വെറ്ററിനറി സർജ്ജൻ | 01-08-2024 | 02-02-2025 |
| ഡോ.അഞ്ജന സി.ആർ | വെറ്ററിനറി സർജ്ജൻ | 03-02-2025 | 31-03-2025 |
| ശ്രീമതി.ലീന ഡെന്നിസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 24-10-2024 |
| ശ്രീമതി.ഗോപിക സുരേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 25-10-2024 | 31-03-2025 |
| ശ്രീമതി. ഗായത്രി കെ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 18-08-2024 |
| ശ്രീ.വിനീത് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-08-2024 | 31-03-2025 |
| ശ്രീമതി.ബിൻസി അഗസ്റ്റിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,വയലാർ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ.ദിനേഷ്കുമാർ കെ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിസിബി - ബുക്ക് അഡ്ജസ്റ്റ്മന്റ് വിശദീകരിക്കപ്പെട്ടില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | തൊഴിൽനികുതി കൃത്യമായി ഈടാക്കിയിട്ടില്ല | 1-10 |
| 15 | വിനോദനികുതി - അടവാക്കുന്നതിൽ കുറവ് | 1-11 |
| 16 | വിദ്യാഭ്യാസാവശ്യത്തിനായി ഉപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ചിട്ടില്ല | 1-12 |
| 17 | ലൈസൻസ് എടുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-13 |
| 18 | ബിൽഡിംഗ് പെർമിറ്റ് ഫീ റീഫണ്ട് - അധിക തുക തിരികെ നല്കി | 1-14 |
| 19 | ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൌകര്യം - ഫർണിച്ചർ പൂർണ്ണമായും ലഭ്യമായില്ല | 1-15 |
| 20 | വായനശാലകൾക്ക് പത്രവരിസംഖ്യ ഇനത്തിൽ തുക അധികം അനുവദിച്ച് നൽകി | 1-16 |
| 21 | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി - ധനവിനിയോഗരേഖയില്ല | 1-17 |
| 22 | സാമൂഹ്യ സുരക്ഷ മിഷന് വിഹിതം അനുവദിക്കൽ - തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയില്ല | 1-18 |
| 23 | പോസ്റ്റ് മാറ്റിവെക്കൽ, ലൈൻ ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-19 |
| 24 | ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല | 1-20 |
| 25 | വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |
| 26 | മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ലൈഫ് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-23 |
| 28 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-24 |
| 29 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി ഈടാക്കിയില്ല | 1-25 |
| 30 | ലൈഫ് ഭവനനിർമ്മാണം - മുൻകൂർ കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-26 |
| 31 | ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന അവലോകനം | 1-27 |
| 32 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൌകര്യം - ഫർണിച്ചർ പൂർണ്ണമായും ലഭ്യമായില്ല | 3-1 |
| 2 | വായനശാലകൾക്ക് പത്രവരിസംഖ്യ ഇനത്തിൽ തുക അധികം അനുവദിച്ച് നൽകി | 3-2 |
| 3 | ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാത്ത മുൻകൂർ തുക തിരികെ ഈടാക്കിയിട്ടില്ല | 3-3 |

| | | |
|---|---|---|
| 4 | ബിൽഡിംഗ് പെർമിറ്റ് ഫീ റീഫണ്ട് - അധിക തുക തിരികെ നല്കി | 3-4 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് - വിവരശേഖരണം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷി കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2025 ലെ 2(1)-ാം നമ്പർ കമ്മറ്റ തീരുമാനപ്രകാരം തയ്യാറാക്കി 25.07.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പ സമർപ്പിക്കപ്പെട്ട വയലാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2025 വരെയുള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഇ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറി അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&A നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങള അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനക വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതി ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങള ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമാ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയു അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭി വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വയലാർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചു സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ട

## 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവു രേഖപ്പെടുത്തിയിട്ടില്ല.

## 1-1-3 വസ്തു നികുതി ഡിസിബി - ബുക്ക് അഡ്ജസ്റ്റ്മന്റ് വിശദീകരിക്കപ്പെട്ടില്ല

വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ച സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷ ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ബുക്ക് അഡ്ജസ്റ്റുമെന് വിശദീകരിക്കപ്പെട്ടില്ല.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളുടെയും വിവരമുൾപ്പെടുത്തി ആസ്തി രജിസ്റ്റ കാലികമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

2024-25 ലെ ബജറ്റ് 9.2.24-ാം തീയതിയിലെ പഞ്ചായത്തു കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാന പ്രകാര അംഗീകരിച്ചിട്ടുണ്ട്. 1.3.25 ലെ 1(1) -ാം തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 25,44,61,399 | 25,05,01,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 21,06,89,827 | 21,55,32,364 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,06,91,498 |
| വരവ് | 6,31,20,896 |
| ആകെ | 9,38,12,394 |
| ചെലവ് | 6,70,63,422 |
| നീക്കിയിരിപ്പ് | 2,67,48,972 |

## 1-4 ഗ്രാന്റ് വിനിയോഗം

| | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 50,19,968 | 1,57,99,032 | 2,08,19,000 | 2,08,19,000 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3,87,671 | 53,46,329 | 57,34,000 | 47,04,947 | 10,29,053 (ലാപ്സായി) |
| വികസനഫണ്ട് (ട്രി.എസ്.പി) | 0 | 0 | 1,15,000 | 1,15,000 | 1,00,000 | 15,000 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 1,06,78,000 | 1,06,78,000 | 87,78,508 | 18,99,492 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 0 | 0 | 76,55,000 | 76,55,000 | 50,80,881 | 25,74,119 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് | 86199(Ob) + 1544500 | 0 | 38,52,799 | 54,83,498 | 30,25,477 | 24,58,021 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക്(ട്രഷറി) | 0 | 0 | 4,50,000 | 4,50,000 | 0 | 4,50,000 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 6468931 – 1544500 | 0 | 75,77,500 | 1,25,01,931 | 38,84,673 | 86,17,258 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി) | 0 | 0 | 13,34,894 | 13,34,894 | 33,880 | 13,01,014 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ്-KL-278(Diagnostic Infrastructure) | 3,48,809 | 0 | 3,81,695 | 7,30,504 | 3,30,277 | 4,00,277 |
| ഹെൽത്ത് ഗ്രാന്റ്-KL-281(Conversion Of PHC) | 3,76,986 | 0 | 6,07,974 | 9,84,960 | 3,79,246 | 6,05,714 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 277 | 21,84,99,756 | 128 | 8,42,67,124 | 60 | 89 | 46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 534 | 20,68,403 | 20,68,937 | 15,86,324 | 4,82,613 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,55,82,676 | 6,55,82,676 | 6,55,82,676 | 0 |
| ആകെ | 534 | 6,76,51,079 | 46,76,51,613 | 6,71,69,000 | 4,82,613 |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 15,58,000 | 89 |
| വിധവാ പെൻഷൻ | 1,00,55,400 | 702 |
| വാർദ്ധക്യകാല പെൻഷൻ | 3,26,02,900 | 2637 |
| വികലാംഗ പെൻഷൻ | 43,09,400 | 272 |
| അവിവാഹിത പെൻഷൻ | 15,29,000 | 97 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് പരിശോധന സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻ പരിശോധന 06.11.2025-ൽ 3 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായ പരിശോധനയിൽ 2,533 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായ ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടി ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്ത സൂക്ഷിക്കുന്നില്ല.

3) തൻവർഷ ആസ്തി വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാ

കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തൊഴിൽനികുതി കൃത്യമായി ഈടാക്കിയിട്ടില്ല

താഴെ പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2024-25 രണ്ടാം അർദ്ധ വർഷത്തിൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് ഉണ്ട്.

1) സ്ഥാപനത്തിന്റെ പേര് -പണിക്കവീട്ടിൽ സർ സെബാസ്റ്റ്യൻ പബ്ലിക് സ്ക്കൂൾ

2024-25 രണ്ടാം അർദ്ധ വർഷത്തിൽ രസീത് നം.1240102817 തീയതി 15.03.2025 പ്രകാരം ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽനികുതി 6,300 രൂപയാണ്. റിട്ടേൺ പരിശോധിച്ചതിൽ ഈടാക്കേണ്ടത് 10,650 രൂപയാണ്. 4,350 രൂപ ഈടാക്കിയതിൽ കുറവ് ഉണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഉദ്യോഗ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | സംഗീത എസ്. | ടീച്ചർ | 54000 | 450 | 750 | 300 |
| 2 | ആർഷ എൻ. രമേശൻ | ടീച്ചർ | 54000 | 450 | 750 | 300 |
| 3 | ജിഷ തങ്കപ്പൻ | ടീച്ചർ | 54000 | 450 | 750 | 300 |
| 4 | ജോസ്മി എ.ജെ. | ടീച്ചർ | 54000 | 450 | 750 | 300 |
| 5 | വീണമോൾ എസ്. | ടീച്ചർ | 54000 | 450 | 750 | 300 |
| 6 | ഹരിത നായർ | ടീച്ചർ | 54000 | 450 | 750 | 300 |
| 7 | ജ്യോതിമോൾ | ടീച്ചർ | 54000 | 450 | 750 | 300 |
| 8 | പ്രിയങ്ക | ടീച്ചർ | 54000 | 450 | 750 | 300 |
| 9 | ഷമ വി.എൻ. | ടീച്ചർ | 43800 | 300 | 600 | 300 |
| 10 | ആശ വി.എൻ. | ഓഫീസ് സ്റ്റാഫ് | 51000 | 450 | 750 | 300 |
| 11 | ലളിത | ആയ | 36000 | 300 | 600 | 300 |
| 12 | ഇഷ വി. | ആയ | 36000 | 300 | 600 | 300 |
| 13 | സൌമ്യ വി. | ടീച്ചർ | 44150 | 300 | 600 | 300 |
| 14 | ബിന്ദു സി.വി. | ടീച്ചർ | 60600 | 600 | 750 | 150 |
| 15 | ലക്ഷ്മി മജുംദാർ | ടീച്ചർ | 54000 | 450 | 750 | 300 |
| | | | ആകെ | **6300** | **10650** | **4350** |

2) സ്ഥാപനത്തിന്റെ പേര് -ജയ് ഹിന്ദ് സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ്

2024-25 രണ്ടാം അർദ്ധ വർഷത്തിൽ രസീത് നം.1240102978 തീയതി 20.03.2025 പ്രകാരം ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി 4,980 രൂപയാണ്. റിട്ടേൺ പരിശോധിച്ചതിൽ ഈടാക്കേണ്ടത് 6,450 രൂപയാണ്. 1,470 കുറവ് ഈടാക്കി.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഉദ്യോഗ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | അഭിഷേക് ടി.എസ്. | വെയർഹൌസ് അസിസ്റ്റന്റ് | 74000 | 600 | 750 | 150 |
| 2 | ജയ് പ്രകാശ് റായ് | ഡിസ്പാച്ചിംഗ് ഇൻചാർജ് | 27401 | 180 | 450 | 270 |
| 3 | മിതിലേഷ് കുമാർ | വർക്കർ | 72481 | 600 | 750 | 150 |
| 4 | സോനു പാസ്വാൻ | വർക്കർ | 72482 | 600 | 750 | 150 |
| 5 | റികേഷ് കുമാർപാസ്വാൻ | വർക്കർ | 70972 | 600 | 750 | 150 |
| 6 | നിതീഷ് പാസ്വാൻ | വർക്കർ | 72482 | 600 | 750 | 150 |
| 7 | ഉമാകാന്ത് കുമാർ | വർക്കർ | 69462 | 600 | 750 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ദിൽകുഷ് കുമാർ | വർക്കർ | 67951 | 600 | 750 | 150 |
| 9 | റൻഭു റായ് | വർക്കർ | 71978 | 600 | 750 | 150 |
| | | | ആകെ | **4980** | **6450** | **1470** |

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുറവ് വന്ന തുക |
|---|---|---|
| 1 | പണിക്കവീട്ടിൽ സർ സെബാസ്റ്റ്യൻ പബ്ലിക് സ്ക്കൂൾ | 4350 |
| 2 | ജയ് ഹിന്ദ് സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ് | 1470 |
| | | **5,820** |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക ഈടാക്കി വിവര അറിയിക്കേണ്ടതാണ്.

## 1-11 വിനോദനികുതി - അടവാക്കുന്നതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇ.വി.എം. ഗ്രാന്റ് സിനിമാസ് എന്ന തീയേറ്ററിൽ നിന്നു വിനോദനികുതി അടവാക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിര യഥാർത്ഥ നിരക്കിൽ നിന്നും കുറവായാണ് തുക അടവാക്കുന്നതെന്ന് കാണുന്നു. സർക്കാർ ഉത്തര (കൈ) 112/2019/തസ്വഭവ./തീയതി 31.08.2019 പ്രകാരം 100/- രൂപ വരെ അടിസ്ഥാനനിരക്കുള ടിക്കറ്റുകളിന്മേൽ 5%വും അതിനുമുകളിൽ 8.5% വും വിനോദനികുതിയാണ് ഈടാക്കേണ്ടത്.

തീയേറ്ററിൽ ഒരു മാസം പ്രദർശിപ്പിച്ച സിനിമയ്ക്ക് അടവാക്കിയ ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളു എണ്ണത്തിനനുസൃതമായാണ് വിനോദനികുതി അടവാക്കേണ്ടത്. പ്രവേശനം നല്കിയ ടിക്കറ്റുകളു എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിനോദനികുതി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുള്ള ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം എല്ലാ ടിക്കറ്റുകൾക്കും 100 രൂപയിലധികം അടിസ്ഥാനനിരക വരുന്നതാണ്. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2024 ഏപ്രിൽ മാസത്തെ ടിക്കറ്റുകളുടെ വിശദാംശ ചുവടെ ചേർക്കുന്നു.

| 2024 ഏപ്രിൽ മാസം പ്രദർശിപ്പിച്ച സിനിമ | പ്രവേശനം നല്കിയ ടിക്കറ്റിന്റെ എണ്ണം | ആകെ കളക്ഷൻ തുക (Gross) | സ്റ്റേറ്റ്മെന്റ് പ്രകാരം അടവാക്കിയ GST തുക – 18% (9+9) | വിനോദനികുതി, TMC, GST, CESS എന്നിവ കിഴിച്ചുള്ള തുക (Net) | സ്റ്റേറ്റ്മെന്റിലെ ആകെ കളക്ഷൻ തുകയുടെ അടിസ്ഥാനത്തിൽ ടിക്കറ്റ് നിരക്ക് |
|---|---|---|---|---|---|
| സിനിമ(1) | 6797 | 9,28,386.35 | 1,41,622.96 | 7,10,361.34 | 136.58 |
| സിനിമ(2) | 961 | 1,26,832.06 | 19,349.34 | 97,435.19 | 131.97 |
| സിനിമ(3) | 130 | 17,071.99 | 2,604.52 | 13,122.83 | 131.23 |
| സിനിമ(4) | 34 | 4,515.70 | 688.90 | 3,466.48 | 132.81 |
| സിനിമ(5) | 14367 | 19,51,306.44 | 2,97,670.36 | 14,94,025.6 | 135.81 |
| സിനിമ(6) | 231 | 32,212.61 | 4,609.30 | 23,234.94 | 130.79 |
| സിനിമ(7) | 10294 | 13,96,339.03 | 2,13,011.08 | 10,69,269.5 | 135.64 |
| സിനിമ(8) | 981 | 1,30,956.36 | 19,978.04 | 1,00,468.69 | 133.49 |
| ആകെ | 33795 | 45,85,620.54 | 6,99,534.46 | 35,11,384.73 | 135.68 |

1. അടിസ്ഥാനനിരക്കിന്റെ 18% മാണ് GST നിരക്ക്. മേൽ സ്റ്റേറ്റ്മെന്റ് പ്രകാരം ഓരോ മാസവു അടവാക്കിയിട്ടുള്ള GSTതുകയ്ക്കനുസരിച്ച് അടിസ്ഥാനനിരക്ക്, അടിസ്ഥാന നിരക്കിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും അടവാക്കേണ്ട വിനോദനികുതിയുടെയും അടവാക്കി വിനോദനികുതിയുടെയും കുറവ് തുകയുടെയും വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| മാസം | പ്രവേശനം നല്കിയ ടിക്കറ്റിന്റെ എണ്ണം | സ്റ്റേറ്റ്മെന്റ് പ്രകാരം അടവാക്കിയ GST(18%) | GST തുകയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നിരക്ക് (Cx100/18/B) | അടിസ്ഥാന നിരക്കിലെ ആകെ തുക (BxD) | അടവാക്കേണ്ട വിനോദ നികുതി (Ex8.5%) | സ്റ്റേറ്റ്മെന്റ് പ്രകാരം അടവാക്കിയ തുക | കുറവ് (F-G) |
|---|---|---|---|---|---|---|---|
| A | B | C | D | E | F | G | H |
| 3/24 | 33795 | 699535 | ₹115.00 | 38,86,425 | 3,30,346 | 2,05,725 | ₹1,24,62 |
| 4/24 | 51968 | 1224117 | ₹130.86 | 68,00,532 | 5,78,045 | 5,12,470 | ₹65,575 |
| 5/24 | 24399 | 574626 | ₹130.84 | 31,92,365 | 2,71,351 | 2,40,563 | ₹30,788 |
| 6/24 | 16107 | 378461 | ₹130.54 | 21,02,608 | 1,78,722 | 1,58,429 | ₹20,293 |
| 7/24 | 6482 | 151959 | ₹130.24 | 8,44,216 | 71,758 | 63,608 | ₹8,150 |
| 8/24 | 11907 | 279412 | ₹130.37 | 15,52,316 | 1,31,947 | 1,16,961 | ₹14,986 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9/24 | 29596 | 696759 | ₹130.79 | 38,70,861 | 3,29,023 | 2,91,690 | ₹37,333 |
| 10/24 | 19844 | 467345 | ₹130.84 | 25,96,389 | 2,20,693 | 1,95,650 | ₹25,043 |
| 11/24 | 15516 | 364988 | ₹130.69 | 20,27,786 | 1,72,362 | 1,52,794 | ₹19,568 |
| 1/25 | 26131 | 614472 | ₹130.64 | 34,13,754 | 2,90,169 | 2,57,232 | ₹32,937 |
| 2/25 | 13631 | 320421 | ₹130.59 | 17,80,072 | 1,51,306 | 1,34,134.0 | ₹17,172 |
| | | | | | ആകെ കുറവ് | | ₹3,96,46 |

2. തിയേറ്ററിൽ ബുക്ക് ചെയ്യുന്നതിനുള്ള 'ബുക്ക് മൈ ഷോ' ആപ്പ് പ്രകാരം മേൽ തീയേറ്ററിൽ 150, 1 നിരക്കിലുള്ള രണ്ട് തരം ടിക്കറ്റുകളാണുള്ളത്. എന്നാൽ ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാര വളരെ കുറഞ്ഞ നിരക്കാണ് കാണിച്ചിട്ടുള്ളത്.

അതായത്, യഥാർത്ഥ നിരക്കിൽ നിന്നും കുറവായാണ് സ്റ്റേറ്റ്മെന്റിൽ ആകെ കളക്ഷൻ തു കാണിച്ചിട്ടുള്ളത്.

3. 'ബുക്ക് മൈ ഷോ' ആപ്പ് പ്രകാരം മേൽ തീയേറ്ററിൽ മൂന്ന് സ്ക്രീനുകളുണ്ടെങ്കിലും എല്ല സ്ക്രീനുകളുടേയും സ്റ്റേറ്റ്മെന്റ് പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ല.

4. ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിൽ തീയേറ്ററിൽ നിന്നും നേരിട്ട് നല്കുന്ന ടിക്കറ്റുകളുടെ വിവര ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും കുറവായി അടവാക്കിയിട്ടുള വിനോദനികുതി ഈടാക്കി അറിയിക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ന 18/11.11.25) മറുപടി ലഭ്യമാക്കിയില്ല.
വിനോദനികുതിയിനത്തിൽ കുറവായി അടവാക്കിയിട്ടുള്ള 3,96,466/- രൂപ ഈടാക്കി രേഖക ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. തീയേറ്ററിലെ യഥാർത്ഥ നിരക്ക് പരിശോധിച്ച് ആയതിന് അടിസ്ഥാനത്തിൽ വിനോദനികുതി ഈടാക്കി അറിയിക്കേണ്ടതും മേൽ സൂചിപ്പിച്ചിട്ടുള്ള മ അപാകതകൾക്ക് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-12 വിദ്യാഭ്യാസാവശ്യത്തിനായി ഉപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ചിട്ടില്ല

വിദ്യാഭ്യാസ സ്ഥാപനങ്ങളായി നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ച അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | സ്ഥാപനം | നിലവിലെ കെട്ടിട നം. | വിസ്തൃതി (എം$^2$) |
|---|---|---|---|
| 1 | സർ സെബാസ്റ്റ്യൻ പബ്ലിക് സ്കൂൾ | 8/173 | 215 |
| 2 | സെൻട്രൽ ട്രാവൻകൂർ ഡയോഡിവിഷൻ ട്രസ്റ്റ് അസോസിയേഷൻ | 11/11 | 563.08 |

മേൽ സൂചിപ്പിച്ചവയിൽ സർ സെബാസ്റ്റ്യൻ പബ്ലിക് സ്കൂൾ കോമ്പൌണ്ടിൽ നിരവധി വലി കെട്ടിടങ്ങൾ ഉള്ളതായി ഗൂഗിൾ മാപ്പ് പ്രകാരം കാണുന്നു.

സ്കൂൾ കോമ്പൌണ്ടിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം മുഖേ തിട്ടപ്പെടുത്തി ലഭ്യമാക്കുന്നതിനും കെട്ടിടം സ്കൂൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സെൻട്ര ട്രാവൻകൂർ ഡയോഡിവിഷൻ ട്രസ്റ്റ് അസോസിയേഷന്റെ പേരിലുള്ള കെട്ടിടത്തിന് ഉപയോഗക്രമവും അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/11.11.25) മറുപ ലഭ്യമാക്കിയില്ല.
ക്രമ നം.1 ലെ സ്കൂളിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയി ഈടാക്കിയും ക്രമ നം.2 ലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ഓഡിറ്റിൽ രേഖാമൂല അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് എടുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു

4-ാം വാർഡിൽ ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപം പ്രവർത്തിക്കുന്ന CANNY CARRY എന ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ആയതി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/13.11.25) മറുപ ലഭ്യമാക്കിയില്ല. മേൽ സ്ഥാപനം ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 ബിൽഡിംഗ് പെർമിറ്റ് ഫീ റീഫണ്ട് - അധിക തുക തിരികെ നല്കി

ഗ്രാമപഞ്ചായത്ത് ഇൻവാർഡ് നം.1869/25/26.2.25 പ്രകാരം ശ്രീ. സാമുവൽ വി.എഫ്., വലിയവീട്ടിര എന്നയാൾക്ക് (പെർമിറ്റ് നം.2814/24) അധികമായി അടവാക്കിയ പെർമിറ്റ് ഫീസ് ഇനത്തിൽ 26337/- രൂ

തിരികെ നല്കിയിട്ടുണ്ട്

ആകെ 693.17 ചതുരശ്ര മീറ്റർ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അധികം വരുന്ന 219.48 ചതുരശ്രമീറ്റർ ഭാഗത്തിന് 200/- രൂപ നിരക്കിൽ 43,896/- രൂപ അടവാക്കിയിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഫീ നിരക്കുകളിൽ കുറവ് വരുത്തിയതിനെത്തുടർന്ന് ഈടാക്കിയിരുന്ന 43,896/- രൂപയിൽ നിന്നും, 300 ചതുരശ്രമീറ്ററിൽ അധികരിക്കുന്ന വാണിജ്യാവശ്യത്തിനുള്ള നിർമ്മിതികൾക്ക് ബാധകമാക്കിയ കുറവുവരുത്തിയ നിരക്കായ 120/- രൂപ നിരക്കിൽ 26,337.6 രൂപ കിഴിച്ച് 17,558.4/- രൂപയാണ് തിരികെ നല്കേണ്ടിയിരുന്നതെങ്കിലും 26,337.6 രൂപ തിരികെ നല്കിയിട്ടുണ്ട് (ചെക്ക് നം.006215/27.03.25 അധികമായി നല്കിയ 8,779/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൗകര്യം - ഫർണിച്ചർ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം - S0181/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൗകര്യം - ഫർണിച്ചർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെക്ക് നം./ തീയതി |
|---|---|---|---|
| തനത് ഫണ്ട് | 5,00,000 | 4,98,904 | 041801/12.03.25 |

ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 11.11.24 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3 നം. തീരുമാന പ്രകാരം ആർട്കോ യിൽ നിന്നും ഫർണിച്ചർ വാങ്ങി. ആർട്കോ ലിമിറ്റഡ്, 18/917-921, എ.കെ.റോഡ്, മലപ്പുറത്തിന്റെ 03.01.25 ലെ 2024-25/MPM/193 നം. Cash/Credit B പ്രകാരം 4,98,904 രൂപയുടെ ഫർണിച്ചർ വാങ്ങി. 4,98,904 രൂപയുടെ ഫർണിച്ചർ വാങ്ങിയതിൽ HIGH BAC REVOLVING OFFICE CHAIRSന്റെ വില വിവരം താഴെ ചേർക്കുന്നു.

| Name Of The Product | Quantity | Rate | Amount |
|---|---|---|---|
| VLR52-CHAIRS- HIGH BACK REVOLVING OFFICE CHAIRS | 9 | 6250 | 56,250 |
| CGST (9%) | | | 5,062.50 |
| SGST (9%) | | | 5,062.50 |

ബില്ല് പ്രകാരമുള്ള 9 റിവോൾവിംഗ് ചെയറിൽ 7 എണ്ണം മാത്രമാണ് പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പേജ് 129 ൽ 9 റിവോൾവിംഗ് ചെയർ ലഭ്യമായതായി തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട് ലഭ്യമാക്കാത്ത 2 റിവോൾവിംഗ് ചെയറിന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/10.11.25) തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാകാത്ത ചെയറുകൾക്ക് ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| Name Of The Product | Quantity | Rate | Amount |
|---|---|---|---|
| VLR52-CHAIRS- HIGH BACK REVOLVING OFFICE CHAIRS | 2 | 6250 | 12,500 |
| CGST (9%) | | | 1,125 |
| SGST (9%) | | | 1,125 |
| TOTAL | | | 14,750 |

അധികം ചെലവഴിച്ച 14,750 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വായനശാലകൾക്ക് പത്രവരിസംഖ്യ ഇനത്തിൽ തുക അധികം അനുവദിച്ച് നൽകി

പ്രോജക്ട് നം - S 0146/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 50,000 | 50,000 | ട്രഷറി ബിൽ ബുക്ക് നം.2/24-25/28.05.24 |
| ആകെ | 50,000 | 50,000 | |

സർക്കാർ ഉത്തരവ് (സാധാ)നം.1040/2023/LSGD തീയതി 15.05.2023 പ്രകാരം, വായനശാലകളുടെയു ഗ്രന്ഥശാലകളുടെയും പ്രോത്സാഹനത്തിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത്, ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായ സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള സി ഗ്രേഡും, അതിനു മുകളിലുമുള ലൈബ്രറികൾക്ക് 3 ദിനപത്രങ്ങൾ വീതവും, സി ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് ദിനപത്രങ്ങൾ വീതവും തനത് ഫണ്ട് ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം താഴെ ചേർത്തിട്ടുള്ള 4 വായനശാലകൾക്കാണ് ആനുകൂല്യം നൽകിയത്.

1) നവസാഹിതി ഗ്രന്ഥശാല

2) എ കെ ജി ഗ്രന്ഥശാല

3) വയലാർ രാമവർമ്മ ഗ്രന്ഥശാല

4) എം കെ കൃഷ്ണൻ സ്മാരക സഹകരണ ഗ്രന്ഥശാല

മേൽ വായനശാലകൾക്ക് ദിനപ്പത്രങ്ങൾ നൽകിയ വകയിൽ 50,000 രൂപ വികസനഫണ്ടിൽ നിന്നു അനുവദിച്ച് നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യം ലഭ്യമായ വായനശാലകൾ | ഗ്രേഡ് | തുക അനുവദി ക്കാവുന്ന പത്രത്തിന്റെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | നവസാഹിതി ഗ്രന്ഥശാല വയലാർ ഗ്രാമ പഞ്ചായത്ത്, വയലാർ പി.ഒ., ചേർത്തല | D | 2 | 12,500 | 260X2X12=6240 | 6,260 |
| 2. | എ കെ ജി ഗ്രന്ഥശാല, കളവംകോടം പി.ഒ., ചേർത്തല | B | 3 | 12,500 | 260x3x12=9360 | 3,140 |
| 3. | വയലാർ രാമവർമ്മ ഗ്രന്ഥശാല, ഒളതല, ചേർത്തല | E | 2 | 12,500 | 260X2X12=6240 | 6,260 |
| 4. | എം കെ കൃഷ്ണൻ സ്മാരക സഹകരണ ഗ്രന്ഥശാല, വയലാർ പി.ഒ., ചേർത്തല | D | 2 | 12,500 | 260X2X12=6240 | 6,260 |
| | | | ആകെ | 50,000 | 28,080 | 21,920 |

അപാകത താഴെ കൊടുക്കുന്നു.

1) സർക്കാർ ഉത്തരവ് (സാധാ)നം. 1040/2023/LSGD തീയതി 15.05.2023 പ്രകാരം, തനത് ഫണ്ട് ഉപയോഗി മാത്രമാണ് തുക ചെലവഴിക്കേണ്ടത്. എന്നാൽ 50,000 രൂപ വികസന ഫണ്ടിൽ(പൊതുവിഭാഗം) നിന്നു ചെലവഴിച്ചു. ഇപ്രകാരം തുക ചെലവഴിക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

2) സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള സി ഗ്രേഡും, അതിനു മുകളിലുമുള ലൈബ്രറികൾക്ക് 3 ദിനപത്രങ്ങളുടെ തുകയും, സി ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് ദിനപത്രങ്ങളുടെ തുകയും മാത്രം നൽകാമെന്നിരിക്കെ ആയത് ലംഘിച്ച് 4 വായനശാലകൾക്കു കൂടുതൽ ദിനപത്രങ്ങളുടെ തുക അനുവദിച്ച് നൽകി.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡി എൻക്വയറിയ്ക്ക്(നം.1/04.11.25) മുൻ വർഷങ്ങളിലും നൽകി വന്നിരുന്നതുപോലെയാണ് തു അനുവദിച്ച് നൽകിയതെന്ന് മറുപടി ലഭ്യമാക്കി. വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതി സർക്കാർ സാധൂകരണം ലഭ്യമാക്കാത്തപക്ഷം തിരികെ അടയ്ക്കേണ്ടതാണ്. സർക്കാർ ഉത്തര ലംഘിച്ച് അധികം ചെലവഴിച്ച 21,920 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി - ധനവിനിയോഗരേഖയില്ല

പ്രോജക്ട് നം - S0051/25

പ്രോജക്ടിന്റെ പേര് - കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 1,00,000 | 1,00,000 |

പ്രോജക്ടിൽ നിന്നും, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ, തിരുവനന്തപുരം പഞ്ചാബ് നാഷണൽ ബാങ്കിന്റെ 3301005800000015 നം.അക്കൌണ്ടിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരാ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 1,00,000 രൂപ നൽകി. ചെല വിവരം ചുവടെ ചേർക്കുന്നു.

1) ടി ആർ എൻ 240605000000023050 തീയതി 07.03.25 തുക- 50000

2) ടി ആർ എൻ 240605000000023767 തീയതി 12.03.25 തുക- 50000

പഞ്ചായത്ത് പരിധിയിലുള്ള ലിനു മുരളി, പള്ളിത്തറ, വയലാർ പി.ഒ., വസുദേവ്, പാലത്തിട്ടത്തി നികർത്ത്, വയലാർ പി.ഒ. എന്ന 2 കുട്ടികൾക്ക് വേണ്ടിയാണ് 50,000 രൂപ വീതം നൽകിയത്. സ്റ്റേ ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ 30.04.25 ലെ SHA/488/2025-MGR(FIN) നം. കത്തിൽ, വയലാർ ഗ്രാ പഞ്ചായത്തിന്റെ കീഴിലുള്ള ലിനു മുരളി, വസുദേവ് എന്ന ഗുണഭോക്താക്കൾക്കായി 1,00,000 രൂപ സ്റ്റേ ഹെൽത്ത് ഏജൻസിയുടെ അക്കൌണ്ടിൽ ലഭിച്ചിട്ടുണ്ടെന്നും തുക ചിലവാകുന്ന മുറയ്ക ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കുട്ടികളു ചികിത്സയ്ക്ക് തുക ചിലവാക്കിയതിന്റെ വിനിയോഗ വിവരം നാളിതുവരെ ലഭ്യമാക്കിയിട്ടി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.21/11.11.25) സ്റ്റേറ്റ് ഹെൽത ഏജൻസിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപ ലഭ്യമാക്കി. രേഖകൾ ഹാജരാക്കുന്നതുവരെ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 സാമൂഹ്യ സുരക്ഷ മിഷന് വിഹിതം അനുവദിക്കൽ - തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0015/25

പ്രോജക്ടിന്റെപേര് - സാമൂഹ്യ സുരക്ഷ മിഷന് വിഹിതം അനുവദിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 50,000 | 50,000 |

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേര സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണ ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം തുടങ്ങിയ ജീവകാരുണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വിഹിതം നൽകലിനായി കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ, തിരുവനന്തപുരം എസ്.ബി.ഐ.യിലെ 30809533211 നം.അക്കൌണ്ടിൽ 50,000 രൂപ നൽകി(TR 240605000000017658/21.12.24). എന്നാൽ തുകയുടെ കൈപ്പറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നി ഹാജരാക്കിയിട്ടില്ല. ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ വിവരങ്ങളും സാമൂഹ്യ സുരക്ഷ മിഷന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും, കൈപ്പ രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/10.11.25) മറുപടി ലഭ്യമാക്കിയില്ല. രേഖക ഹാജരാക്കുന്നതുവരെ 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പോസ്റ്റ് മാറ്റിവെക്കൽ, ലൈൻ ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം - S0017/25

പ്രോജക്ടിന്റെ പേര് - പോസ്റ്റ് മാറ്റിവെക്കൽ, ലൈൻ ഷിഫ്റ്റിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| തനത് ഫണ്ട് | 1,00,000 | 71,068 |

പോസ്റ്റ് മാറ്റിവെക്കൽ, ലൈൻ ഷിഫ്റ്റിംഗ് പ്രവൃത്തിയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, പട്ടണക്കാടിന് തുക അനുവദിച്ച് നൽകി. വിശദ വിവര താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചെലവ് വിവരം (ചെക്ക് നം./ തീയതി) |
|---|---|---|---|
| 1 | Shifting 1 Phase 2 Wire OH At Vendhabil – Kottamatt Road At Ward - 6 | 18,768 | 012136/17.03.25 |
| 2 | Shifting LT SP , 2 Wire Line For Constructing Building Near Ambedkar Junction | 52,300 | 002888/18.12.24 |
| | | 71,068 | |

പ്രവൃത്തി പൂർത്തീകരിച്ച രേഖ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/10.11.25) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 71,068 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ 09.07.2019 ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചേർത്തല ശാഖയിൽ ആരംഭിച്ചിട്ടുള്ള 38590083742 നമ്പർ കറന്റ് അക്കൗണ്ടിന്റെ പാസ് ബുക്ക് വിവരങ്ങൾ പരിശോധിച്ചതു പ്രകാരം 31.03.2025 ൽ ₹5,77,107.50 രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമായിട്ടും ടെണ്ടർ ഫീസ് തുക അസിസ്റ്റന്റ് എഞ്ചിനീയർ പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഈ വരുമാനം പ്രതിഫലിക്കാത്ത സ്ഥിതിയുണ്ട്. കൂടാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ നീക്കിയിരുപ്പിന് പലിശ ലഭിക്കാത്ത സാഹചര്യവുമുണ്ട്. എന്നാൽ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. നാളിതുവരെയുള്ള ടെണ്ടർ ഫീസ് കൈമാറാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/10.11.25) മറുപടി ലഭ്യമാക്കിയില്ല. തുക തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-21 വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S0320/25

പ്രോജക്റ്റിന്റെപേര് - വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെലവ് വിവരം ടി ആർ എൻ നം./ചെക്ക് നം./ തീയതി |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10,004 | 10,004 | 240605000000025495/25.03.25 |
| തനത് ഫണ്ട് | 14,996 | 14,996 | 012144/27.03.25 |
| ആകെ | 25,000 | 25,000 | |

ശുചിത്വ മിഷന്റെ പേരിൽ ഐ.ഡി.ബി.ഐ ബാങ്കിന്റെ വഴുതക്കാട് ബ്രാഞ്ചിൽ 0046104000272292 നമ്പർ അക്കൌണ്ടിലേയ്ക്ക് 25,000 രൂപ നൽകി. എന്നാൽ തുകയുടെ കൈപ്പറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/10.11.25) മറുപടി ലഭ്യമാക്കിയില്ല. 25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ലൈഫ് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിൽ ലൈഫ് ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | രജിമോൾ, രേവതി(കുമാരവിലാസം), ഒളതല | 40,000<br>1,60,000<br>1,00,000 | 19.09.18<br>02.07.19<br>13.08.19 |
| 2 | അമ്മിണി, കളത്തിൽ, വയലാർ | 40,000<br>1,60,000<br>60,000<br>40,000<br>60,000 | 17.11.18<br>30.03.19<br>02.07.19<br>13.08.19<br>25.01.20 |
| 3 | ലത എൻ., പുതുവൽ നികർത്ത്, വയലാർ | 40,000 | 09.07.20 |
| 4 | അനില, പുതുവൽനികർത്ത്, വയലാർ | 40,000 | 21.03.23 |
| 5 | നീതു രതീഷ്, സാത്വിക് ഭവൻ | 40,000 | 30.5.23 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങ ലഭ്യമാക്കുന്നതിനും മുൻകൂർ മാത്രം കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത ഗുണഭോക്താക്കളിൽനിന്നും തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതിനുമായി നല്കി ഓഡിറ്റ് അന്വേഷണത്തിന് (നം.10/10.11.25), രജിമോൾ, രേവതി(കുമാരവിലാസം), ഒളതല എന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മുൻകൂർ തു കൈപ്പറ്റിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽനിന്നും തു തിരികെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിർമ്മാണം ആരംഭിച്ചിട്ടുള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്ര ക്ഷണിക്കുന്നു.

## 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

1) പ്രോജക്ട് നം - S0020/25

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3,00,000 | 3,00,000 |

പാതിരപ്പള്ളി ഹോംകോയുടെ 08.08.24 ലെ PF-155 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാര മരുന്നുകൾക്കായി 3,00,000 രൂപ നൽകിയിട്ടുണ്ട്(ബിൽ നം.6/24-25 തീയതി 19.08.24 തുക 3,00,000 രൂപ 2,63,332 രൂപയുടെ മരുന്ന് 02.07.25 LF-596, 18.10.25 LF-1855 നം. ഇൻവോയ്സ് മുഖേന ലഭിച്ചു. 36,668 രൂപയുടെ മരുന്ന് ലഭ്യമായില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/07.11.2 മറുപടി ലഭ്യമാക്കിയില്ല

2) പ്രോജക്ട് നം - S0039/25

പ്രോജക്ടിന്റെ പേര് -ആയുഷ് പ്രാഥമിക ആരോഗ്യ കേന്ദ്രം ഹോമിയോപ്പതിയ്ക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3,00,000 | 3,00,000 |

പാതിരപ്പള്ളി ഹോംകോയുടെ 09.08.24 ലെ PF-168 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാര മരുന്നുകൾക്കായി 3,00,000 രൂപ നൽകി(ബിൽ നം.9/24-25 തീയതി 07.10.24 തുക 3,00,000). 2,88,963 രൂപയുടെ മരുന്ന് 03.07.25 LF-619, 25.07.25 LF-908, 30.10.25 LF-2040 നം.ഇൻവോയ്സുകൾ മുഖേന ലഭിച്ചു. 11,037 രൂപയുടെ മരുന്ന് ലഭ്യമായില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/07.11.2 മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് ഇൻവോയ്സിന്റെയു സ്റ്റോക്കിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

## 1-24 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വയലാർ ഗ്രാമപഞ്ചായത്തിന്റെ വൌച്ചർ പരിശോധിച്ചതിൽ, മൂന്നാം വാർഡിലെ പനമ്പാട്ട് കോളനി കാവനാട് റോഡ് വീതി കൂട്ടുന്നതിനായി ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് കെ.എസ്.ഇ.ബി.യ്ക്ക് വൌച്ചർ നം.22400083/4.5.24 (ചെക്ക് നം.004867/3.5.24) പ്രകാരം 35,255/- നല്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/5.11.25) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 35,255/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി ഈടാക്കിയില്ല.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ (മെറ്റീരിയൽസ്) തുക 2 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിയിൽ ഇപ്രകാരം 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മെറ്റിരിയൽസിന്റെ വില | ഈടാക്കേണ്ട ജി.എസ്.ടി | എഫ്.ടി.ഒ ബിൽ നം.തീയതി |
|---|---|---|---|---|
| 1 | മണിയേഴത്ത് കോളനി ഫുട്ട് പാത്ത് | 4,72,017.53 | 9440 | 578/13.3.25 |
| 2 | കുട്ടോത്ത്പാടം ടൈൽ നടപ്പാത | 4,69,880.56 | 9398 | 371/28.1.25 |
| ആകെ | | | 18838 | |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/10.11.25) മറുപടി ലഭ്യമാക്കിയില്ല. ടി തുക മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നു ഈടാക്കി ജി.എസ്.ടി വകുപ്പിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനനിർമ്മാണം - മുൻകൂർ കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

1. താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2024-25 സാമ്പത്തികവർഷം ഭവനനിർമ്മാണത്തിനായി ആദ്യഗഡുവായി 40,000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ നിർമ്മാണം ആരംഭി അടുത്ത ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മുൻകൂർ കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | ഭാരതി, പുതുവൽനികർത്ത് | 26.07.24 |
| 2 | ദിനേശൻ, പൂത്തറ നികർത്ത് | 22.05.24 |
| 3 | പ്യാരിലാൽ, സുമാലയം | 22.05.24 |
| 4 | റാണി, കളത്തിൽ | 09.07.24 |
| 5 | രാജമ്മ, കോടാലിച്ചിറയിൽ | 10.09.24 |
| 6 | സരള, തുരുത്തിൽ | 10.09.24 |
| 7 | സരസു, കുന്നത്തറ കോളനി | 10.09.24 |
| 8 | അജീഷ്, അജിഭവനം | 20.11.24 |
| 9 | സുധീർ, വലിയതറ | 24.12.24 |

ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡി അന്വേഷണത്തിന് (നം.10/10.11.25) ക്രമ നം.7, 8 എന്നീ ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റു പല ഗുണഭോക്താക്കളുടെയും വസ്തു വെള്ളക്കെട്ടിലായതിനാ മഴയ്ക്കുശേഷം മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നുമാണ് അറിയിച്ചത്. എന്നാ മുൻവർഷം കൈപ്പറ്റിയ തുക ഉപയോഗിച്ച് ഒരു വർഷമായിട്ടും നിർമ്മാണം ആരംഭിക്കാത്ത ശരിയായ മോണിട്ടറിംഗിന്റെ അഭാവമാണെന്ന് കാണുന്നു. എല്ലാ ഗുണഭോക്താക്കളും നിർമ്മാണ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടേയും ശ്ര ക്ഷണിക്കുന്നു.

2. അന്നംകുട്ടി, പടിഞ്ഞാറെ പൂപ്പള്ളിൽ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണത്തിനായി 30.05.24 40,000/- രൂപ മുൻകൂർ കൈപ്പറ്റിയിരുന്നെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിരുന്നില്ല. ടിയാ

നിലവിലുണ്ടായിരുന്ന ഭവനം പുതുക്കിപണിതതിനാൽ മുൻകൂർ കൈപ്പറ്റിയ തുക തിരിെ ഈടാക്കേണ്ടതാണെന്ന് 06.08.24 ലെ 10(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 13.12.24, 11.6.25 തീയതികളിൽ നോട്ടീസ് നല്കിയെങ്കിലു നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല. ഇവർ കൈപ്പറ്റിയ തുക പലിശസഹിത തിരിച്ചടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വി.ഇ.ഒ. മറുപടി ലഭ്യമാക്കി. ടിയാരിക നല്കിയ 40,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിര അറിയിക്കേണ്ടതാണ്.

## 1-27 ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന അവലോകനം

മുഴുവൻ ഗ്രാമീണഭവനങ്ങൾക്കും ഗാർഹിക കുടിവെള്ളകണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കും എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

### ജൽജീവൻ മിഷൻ - കേരളം

08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന ജൽജീവൻ മിഷൻ കേരളത്തിര നടപ്പാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാന അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽക കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാ കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങ പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

### ഗ്രാമപഞ്ചായത്ത്തല പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ട & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത്തല കർമ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്റ്റ് വാട്ടർ & സാനിട്ടേഷൻ സമിതിക സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വയലാർ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2020-21 സാമ്പത്തിക വർഷം പ്രോജ രൂപീകരിച്ച് തുക കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പിന്നീടുള്ള വർഷങ്ങളിര ഈയിനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

### ഫലപ്രാപ്തി

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള വിതരണത്തിനായി 2020-21 ൽ പ്രോജക്റ്റ് നമ്പർ S0195/ പ്രകാരം 6,00,000 രൂപ ഡെപ്പോസിറ്റായി വാട്ടർ അതോറിറ്റിയിൽ നൽകിയിട്ടുണ്ട്. ഈ പ്രോജക്റ്റ് പ്രകാര 3741 ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാൻ സാധിച്ചിട്ടുണ്ട് എന ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കാത്തതിനാൽ നടപ്പാക്കി പ്രോജക്ടുകളുമായി ബന്ധപ്പെട്ട തുടർപരിശോധനകളൊന്നും സാധ്യമായിട്ടില്ല.

### പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത സാഹചര്യത്തിൽ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള പോരായ്മകൾ പരിഹരിക്കുന്നതിനും ഏതെല്ലാം മേഖലകളിലാണ് പദ്ധതിയുടെ പ്രയോജന ലഭ്യമാകാത്തത് എന്ന് വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിനു ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാവശ്യമാണ്. പദ്ധതിയുടെ ഗുണഫലം പരമാവധ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് ഈ മേഖലയിൽ ഭൗതിക സാഹചര്യങ്ങളും അടിസ്ഥാ സൗകര്യവികസനവും ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. കുടിവെള്ള പ്ലാന്റുകൾ, പൈപ്പ് ലൈനുകള വിതരണ ലൈനുകൾ എന്നിവ കൂടുതലായി സ്ഥാപിക്കുന്നത് വഴി ഗ്രാമപഞ്ചായത്തിൽ സമഗ്രമായ ഗാർഹിക കുടിവെള്ള കണക്ഷൻ ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരി നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15 (2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക

പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിശദ വിവരങ്ങ ചുവടെ ചേർക്കുന്നു.

**എ) <u>ഹെൽത്ത് ഗ്രാന്റിൽ ലഭിച്ചതും വിനിയോഗിച്ചതുമായ തുകകളുടെ വിശദാംശം</u>**

| വർഷം | ഗ്രാന്റ് | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2022-23 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | ₹2,64,733/- | ₹2,64,727/- |
| 2022-23 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | ₹1,35,000/- | ₹1,34,994/- |
| 2023-24 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ. | ₹8,96,000/- | ₹8,95,954/- |
| 2023-24 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | ₹3,77,000/- | ₹3,77,000/- |
| 2024-25 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | ₹3,81,695/- | ₹3,30,277/- |
| 2024-25 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ്സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | ₹6,07,974/- | 3,79,246/- |

**ബി) <u>ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം</u>**

| വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2022-23 | കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0178/23) | ₹2,64,733/- | ₹2,64,727/- |
| 2022-23 | കുടുംബാരോഗ്യകേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ. (പ്രോജക്ട് നം-S0179/23) | ₹1,35,000/- | ₹1,34,994/- |
| 2023-24 | കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ | ₹8,96,000/- | ₹8,95,954/- |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0226/24) | | |
| 2023-24 | കുടുംബാരോഗ്യകേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ. (പ്രോജക്ട് നം-S0227/24) | ₹3,77,000/- | ₹3,77,000/- |
| 2024-25 | കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0259/25) | ₹3,28,013/- | 3,27,967/- |
| 2024-25 | കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0262/25) | ₹2,316 | ₹2,310 |
| 2024-25 | കുടുംബാരോഗ്യകേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ. (പ്രോജക്ട് നം-S0260/25) | ₹2,88,470/- | ₹2,88,470/- |
| 2024-25 | കുടുംബാരോഗ്യകേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ. (പ്രോജക്ട് നം-S0311/25) | ₹6,00,000 | ₹10,777 |
| 2024-25 | കുടുംബാരോഗ്യകേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ. (പ്രോജക്ട് നം-S0261/25) | ₹5,005 | ₹4,999 |
| 2024-25 | കുടുംബാരോഗ്യകേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ. (പ്രോജക്ട് നം-S0287/25) | ₹75,000 | ₹75,000 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നാളിതുവ നടത്തിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിലൂടെ ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമ ഉയർത്തുവാനും മികച്ച സേവനനിലവാരം ഉറപ്പാക്കാനും സാധിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത അറിയിച്ചു. ഇതിനെ സംബന്ധിച്ചുള്ള ഫയലുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധമായ വിശദമായ പരിശോധനകളൊന്നും സാധ്യമായിട്ടില്ല.

**<u>പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ</u>**

ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമാ പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവി സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്ന പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്ക നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗി പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൌകര്യം - ഫർണിച്ചർ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം - S0181/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൌകര്യം - ഫർണിച്ചർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെക്ക് നം./ തീയതി |
|---|---|---|---|
| തനത് ഫണ്ട് | 5,00,000 | 4,98,904 | 041801/12.03.25 |

ഭരണസമിതി അംഗങ്ങൾക്ക് ഇരിപ്പിട സൌകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 11.11.24 ലെ പഞ്ചായത കമ്മിറ്റിയുടെ 3 നം. തീരുമാന പ്രകാരം ആർട്കോ യിൽ നിന്നും ഫർണിച്ചർ വാങ്ങി. ആർട്കേ ലിമിറ്റഡ്, 18/917-921, എ.കെ.റോഡ്, മലപ്പുറത്തിന്റെ 03.01.25 ലെ 2024-25/MPM/193 നം. Cash/Credit B പ്രകാരം 4,98,904 രൂപയുടെ ഫർണിച്ചർ വാങ്ങി. 4,98,904 രൂപയുടെ ഫർണിച്ചർ വാങ്ങിയതിൽ HIGH BAC REVOLVING OFFICE CHAIRSന്റെ വില വിവരം താഴെ ചേർക്കുന്നു.

| Name Of The Product | Quantity | Rate | Amount |
|---|---|---|---|
| VLR52-CHAIRS- HIGH BACK REVOLVING OFFICE CHAIRS | 9 | 6250 | 56,250 |
| CGST (9%) | | | 5,062.50 |
| SGST (9%) | | | 5,062.50 |

ബില്ല് പ്രകാരമുള്ള 9 റിവോൾവിംഗ് ചെയറിൽ 7 എണ്ണം മാത്രമാണ് പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളഠ സ്റ്റോക്ക് രജിസ്റ്റർ പേജ് 129 ൽ 9 റിവോൾവിംഗ് ചെയർ ലഭ്യമായതായി തെറ്റായി രേഖപ്പെടുത്തിയിട്ടുണ ലഭ്യമാക്കാത്ത 2 റിവോൾവിംഗ് ചെയറിന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/10.11.25), തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപട ലഭ്യമാക്കി. ലഭ്യമാകാത്ത ചെയറുകൾക്ക് ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| Name Of The Product | Quantity | Rate | Amount |
|---|---|---|---|
| VLR52-CHAIRS- HIGH BACK REVOLVING OFFICE CHAIRS | 2 | 6250 | 12,500 |
| CGST (9%) | | | 1,125 |
| SGST (9%) | | | 1,125 |
| TOTAL | | | 14,750 |

അധികം ചെലവഴിച്ച 14,750 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 വായനശാലകൾക്ക് പത്രവരിസംഖ്യ ഇനത്തിൽ തുക അധികം അനുവദിച്ച് നൽകി

പ്രോജക്ട് നം - S 0146/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 50,000 | 50,000 | ട്രഷറി ബിൽ ബുക്ക് നം.2/24-25/28.05.24 |
| ആകെ | 50,000 | 50,000 | |

സർക്കാർ ഉത്തരവ് (സാധാ)നം. 1040/2023/LSGD തീയതി 15.05.2023 പ്രകാരം, വായനശാലകളുടെയു ഗ്രന്ഥശാലകളുടെയും പ്രോത്സാഹനത്തിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത്, ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായ സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള സി ഗ്രേഡും, അതിനു മുകളിലുമുള ലൈബ്രറികൾക്ക് 3 ദിനപത്രങ്ങൾ വീതവും, സി ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് ദിനപത്രങ്ങൾ വീതവും തനത് ഫണ്ട് ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലൈബ്രറികളുെ അപേക്ഷ പ്രകാരം വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം താഴെ ചേർത്തിട്ടുള്ള 4 വായനശാലകൾക്കാണ് ആനുകൂല്യം നൽകിയത്.

1) നവസാഹിതി ഗ്രന്ഥശാല

2) എ കെ ജി ഗ്രന്ഥശാല

3) വയലാർ രാമവർമ്മ ഗ്രന്ഥശാല

4) എം കെ കൃഷ്ണൻ സ്മാരക സഹകരണ ഗ്രന്ഥശാല

മേൽ വായനശാലകൾക്ക് ദിനപ്പത്രങ്ങൾ നൽകിയ വകയിൽ 50,000 രൂപ വികസനഫണ്ടിൽ നിന്നു അനുവദിച്ച് നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യം ലഭ്യമായ വായനശാലകൾ | ഗ്രേഡ് | തുക അനുവദിക്കാവുന്ന പത്രത്തിന്റെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | നവസാഹിതി ഗ്രന്ഥശാല വയലാർ ഗ്രാമ പഞ്ചായത്ത്, വയലാർ പി.ഒ., ചേർത്തല | D | 2 | 12,500 | 260X2X12=6240 | 6260 |
| 2. | എ കെ ജി ഗ്രന്ഥശാല, കളവംകോടം പി.ഒ., ചേർത്തല | B | 3 | 12,500 | 260x3x12=9360 | 3140 |
| 3. | വയലാർ രാമവർമ്മ ഗ്രന്ഥശാല, ഒളതല, ചേർത്തല | E | 2 | 12,500 | 260X2X12=6240 | 6260 |
| 4. | എം കെ കൃഷ്ണൻ സ്മാരക സഹകരണ ഗ്രന്ഥശാല, വയലാർ പി.ഒ., ചേർത്തല | D | 2 | 12,500 | 260X2X12=6240 | 6260 |
| | | | ആകെ | 50,000 | 28,080 | 21,920 |

അപാകത താഴെ കൊടുക്കുന്നു.

1) സർക്കാർ ഉത്തരവ് (സാധാ)നം. 1040/2023/LSGD തീയതി 15.05.2023 പ്രകാരം, തനത് ഫണ്ട് ഉപയോഗി മാത്രമാണ് തുക ചെലവഴിക്കേണ്ടത്. എന്നാൽ 50,000 രൂപ വികസന ഫണ്ടിൽ(പൊതുവിഭാഗം) നിന്നു ചെലവഴിച്ചു. ഇപ്രകാരം തുക ചെലവഴിക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

2) സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള സി ഗ്രേഡും, അതിനു മുകളിലുമുള ലൈബ്രറികൾക്ക് 3 ദിനപത്രങ്ങളുടെ തുകയും, സി ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് ദിനപത്രങ്ങളുടെ തുകയും മാത്രം നൽകാമെന്നിരിക്കെ ആയത് ലംഘിച്ച് 4 വായനശാലകൾക്കു കൂടുതൽ ദിനപത്രങ്ങളുടെ തുക അനുവദിച്ച് നൽകി.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡി എൻക്വയറിയ്ക്ക്(നം.1/04.11.25) മുൻ വർഷങ്ങളിലും നൽകി വന്നിരുന്നതുപോലെയാണ് തു അനുവദിച്ച് നൽകിയതെന്ന് മറുപടി ലഭ്യമാക്കി. വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതി സർക്കാർ സാധൂകരണം ലഭ്യമാക്കാത്തപക്ഷം തിരികെ അടയ്ക്കേണ്ടതാണ്. സർക്കാർ ഉത്തര ലംഘിച്ച് അധികം ചെലവഴിച്ച 21,920 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാത്ത മുൻകൂർ തുക തിരികെ ഈടാക്കിയിട്ടില്ല

അന്നംകുട്ടി, പടിഞ്ഞാറെ പൂപ്പള്ളിൽ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണത്തിനായി 30.05.24-ൽ 40,000/- രൂപ മുൻകൂർ കൈപ്പറ്റിയിരുന്നെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിരുന്നില്ല. ടിയാ നിലവിലുണ്ടായിരുന്ന ഭവനം പുതുക്കിപണിതതിനാൽ മുൻകൂർ കൈപ്പറ്റിയ തുക തിരി ഈടാക്കേണ്ടതാണെന്ന് 06.08.24 ലെ 10(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 13.12.24, 11.6.25 തീയതികളിൽ നോട്ടീസ് നല്കിയെങ്കിലു നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല. ഇവർ കൈപ്പറ്റിയ തുക പലിശസഹിത തിരിച്ചടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വി.ഇ.ഒ. (വയലാർ സർക്കിൾ) മറുപ ലഭ്യമാക്കി. ടിയാരിക്ക് നല്കിയ 40,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-4 ബിൽഡിംഗ് പെർമിറ്റ് ഫീ റീഫണ്ട് - അധിക തുക തിരികെ നല്കി

ഗ്രാമപഞ്ചായത്ത് ഇൻവാർഡ് നം.1869/25/26.2.25 പ്രകാരം ശ്രീ. സാമുവൽ വി.എഫ്., വലിയവീട്ടി എന്നയാൾക്ക് (പെർമിറ്റ് നം.2814/24) അധികമായി അടവാക്കിയ പെർമിറ്റ് ഫീസ് ഇനത്തിൽ 26,337/- രൂ തിരികെ നല്കിയിട്ടുണ്ട്
ആകെ 693.17 ചതുരശ്ര മീറ്റർ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ റിവൈസ് എസ്റ്റിമേറ്റ് പ്രകാരം അധികം വരുന്ന 219.48 ചതുരശ്രമീറ്റർ ഭാഗത്തിന് 200/- രൂപ നിരക്കിൽ 43,896/- രൂ അടവാക്കിയിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഫീ നിരക്കുകളിൽ കുറ വരുത്തിയതിനെത്തുടർന്ന് ഈടാക്കിയിരുന്ന 43,896/- രൂപയിൽ നിന്നും, 300 ചതുരശ്രമീറ്ററി അധികരിക്കുന്ന വാണിജ്യാവശ്യത്തിനുള്ള നിർമ്മിതികൾക്ക് ബാധകമാക്കിയ കുറവുവരുത്തി നിരക്കായ 120/- രൂപ നിരക്കിൽ 26,337.6 രൂപ കിഴിച്ച് 17,558.4/- രൂപയാണ് തിരി നല്കേണ്ടിയിരുന്നതെങ്കിലും 26,337.6 രൂപ തിരികെ നല്കിയിട്ടുണ്ട് (ചെക്ക് നം.006215/27.03.2 അധികമായി നല്കിയ 8,779/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് - വിവരശേഖരണം

| മെഡിസെപ്പ് പ്രീമിയം ഒടുക്ക്- റഗുലർ ജീവനക്കാരുടെ വിവരം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്ക്സ് |
| 14 | 84,000 | 84,000 | 0 | |

**01.04.2024-** മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല
**01.07.2024-** മുതൽ **31.07.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല

| **01.08.2024-** മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | | |
|---|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്ക്സ് |
| 01 | 0 | 4,000 | 4,000 | 0 | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 20,000 | റിട്രോഫിറ്റിംഗ്(So120/25) | 20,000 | 0 |
| | | 1,00,000 | അഗതി രഹിത കേരളം (So80/25) | 1,00,000 | 0 |
| | | 23,150 | ലൈഫ് -ഭവന നിർമ്മാണംഎസ്.സി (So116/25) | 23,150 | 0 |
| | | 7,28,750 | ലൈഫ്(ജനറൽ) ഭവനനിർമ്മാണം(So73/25) | 7,28,750 | 0 |
| | | 2,84,400 | ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ്(S036/25) | 2,84,400 | 0 |
| **ആകെ** | | 11,56,300 | | 11,56,300 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 17,60,000 | ലൈഫ് 2020 ജനറൽ ഭവനനിർമ്മാണം(So73/25) | 17,60,000 | 0 |
| | | 50,000 | അതിദരിദ്രർക്ക് ഭവനപുനരുദ്ധാരണം(So194/25) | 50,000 | 0 |
| | | 1,80,000 | ഭവന പുനരുദ്ധാരണം(So169/25) | 1,80,000 | 0 |
| | | 1,00,000 | അനുപൂരക പോഷകാഹാര പദ്ധതി(So25/25) | 1,00,000 | 0 |
| | | 33,300 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ്(S002/25) | 33,300 | 0 |
| | | 1,29,280 | പാലിയേറ്റീവ് കെയർ | 1,29,280 | 0 |
| | | 49,000 | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്(So314/25) | 49,000 | 0 |
| | | 80,000 | മാലിന്യ മുക്ത കേരളം(So280/25) | 80,000 | 0 |
| **ആകെ** | | 23,81,580 | | 23,81,580 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2024-25 | കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 22400083/ 4.05.2024 | 35,255 | 0 | 35,255 |
| 2024-25 | കെ.എസ്.ഇ.ബി. | പ്രോജക്റ്റ് നം. S0017/25 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 412136/17.3.25-18768/-2888/18.12.24-52300/- | 71,068 | 0 | 71,068 |
| **ആകെ** | | | | **1,06,323** | **0** | **1,06,323** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ലഭ്യമല്ല | 4,42,52,874 | 0 | 42,68,839 | 0 | 3,99,84,035 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12,640 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതു നം / തീയതി |
|---|---|---|---|---|
| 2023-24 | 1-15 | 100 | പ്രദീപ്കുമാർ പി.ജി. | 1240200793/1.1.25 |
| 2023-24 | 1-15 | 7,040 | അരുൺ പ്രദാസ് | 1240200810/3.1.25 |
| 2023-24 | 1-15 | 100 | ദാസപ്പൻ | 1240101857/1.1.25 |
| 2023-24 | 1-15 | 100 | മുഹമ്മദ് | 1240101858/10.1.25 |
| 2023-24 | 1-15 | 200 | ആശ തുഷാർ | 1240101859/10.1.25 |
| 2023-24 | 1-15 | 100 | ചിത്ര കുമാരി | 1240101867/10.1.25 |
| 2023-24 | 1-15 | 2,500 | സെക്രട്ടറി, മിൽമ | 1240101987/27.1.25 |
| 2023-24 | 1-15 | 2,500 | ഭാർഗ്ഗവൻ | 1240102191/21.6.25 |
| ആകെ | | 12,640 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-( വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാ( അവശേഷിക്കുന്ന ഖണ്ഡികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-19 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ- (ഹോമിയോ)- മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :- | 6,31,20,896/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :- | 6,70,63,422/- |
| വരവിനങ്ങളിലുള്ള നഷ്ടം | :- | 0 |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :- | 85,449/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :- | 2,81,323/- |

(ബി) **ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14,750 | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 3-2 | | 21,920 | ശ്രീമതി ആശ എം.ജെ., ഹെഡ്മിസ്ട്രസ് |
| 3-3 | | 40,000 | ശ്രീമതി ബിൻസി അഗസ്റ്റിൻ, വി.ഇ.ഒ., വയലാർ സർക്കിൾ |
| 3-4 | | 8,779 | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| ആകെ | | 85,449/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,00,000 | ശ്രീമതി മോനിഷ എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-18 | 50,000 | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 1-19 | 71,068 | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 1-21 | 25,000 | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 1-24 | 35,255 | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| ആകെ | 2,81,323/- | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | ഇനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-25 | ജി.എസ്.ടി | 18,838 | ശ്രീമതി അർച്ചന കരുണാകരൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ആകെ | | 18,838 | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി | വിരമിച്ചു | ചിറ്റേത്ത്, കാട്ടൂർ പി.ഒ., ആലപ്പുഴ |
| ശ്രീമതി ആശ എം.ജെ., ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.നോർത്ത് എൽ.പി.എസ്., വയലാർ ഗ്രാമപഞ്ചായത്ത് | സൌപർണ്ണിക, പട്ടണക്കാട് പി.ഒ., ചേർത്തല |

| | | |
|---|---|---|
| ശ്രീമതി മോനിഷ എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വയലാർ ഗ്രാമപഞ്ചായത്ത് | ചിറയിൽ, പൊന്നാട് പി.ഒ., മണ്ണഞ്ചേരി, ആലപ്പുഴ |
| ഡോ.അഖില ബി. ജയകുമാർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., വയലാർ ഗ്രാമപഞ്ചായത്ത് | ഗീതം, കേശവവിലാസം, സി എം സി 29, ചേർത്തല |
| ശ്രീമതി ബിൻസി അഗസ്റ്റിൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വയലാർ ഗ്രാമപഞ്ചായത്ത് | കോയിക്കപ്പറമ്പ്, മരുത്തോർവട്ടം പി.ഒ., ചേർത്തല |
| ശ്രീമതി അർച്ചന കരുണാകരൻ, അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., മുഹമ്മ ഗ്രാമപഞ്ചായത്ത് | അർച്ചന, സി എം സി 17 ചേർത്തല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി2-1235/2022 തീയതി, 30.11.2022 |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി2-1235/2022 തീയതി, 30.11.2022 |
| 2009-10 | |
| 2010-11, 2011-12 & 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി/പി2-1620/2018/12-12-18 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി/പി2-399/2020/11.6.20 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി/പി2-741/2021/24.09.2021 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി/പി2-742/2021/24.09.2021 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി/പി2-1122/2022/31.10.2022 |
| 2022-23 | നം.കെ.എസ്.എ-എ.എൽ.പി/പി2-1196/2023/07.11.2023 |
| 2023-24 | നം.കെ.എസ്.എ-എ.എൽ.പി/പി2-928/2024/27.11.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ട
കേരള സംസ്ഥാന ഓഡിറ്റ് വകു
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പു

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 11-07-2025 and submitted on 25-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vayalar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vayalar Grama Panchayat as on 31-03-2025

**Date: 20/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Vayalar Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1. The mandatory financial statement such as ratios, notes on accounts are not submitted with AFS.
2.The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations.
are made between ledger balances and concerned registers.
3. The Demand, Collection and Balance of Property Tax as per Annual Accounts are matching with the D.C.B Statement from sanchaya software, the book adjustment entries are not explained.
4. Asset register not updated.

Deputy Director

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്